## പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2727 — 14.12. 2015-ൽ മറുപടിക്ക്.

### മിനിമം വേതനം പുതുക്കി നിശ്ചയിക്കൽ

**ചോദ്യം**

ശ്രീ.പി.കെ.ഗുരുദാസൻ
,, കെ.കെ.ജയചന്ദ്രൻ
,, എസ്.ശർമ്മ
,, എളമരം കരീം

(എ) മിനിമം വേതനം പുതുക്കി നിശ്ചയിക്കാൻ കാലാവധി പൂർത്തിയായിട്ടുള്ള തൊഴിൽ മേഖലകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തൊഴിൽ മേഖലകളിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ;

(സി) ഈ സർക്കാർ മിനിമം വേതനത്തിന്റെ പരിധിയിൽ പുതുതായി ഉൾപ്പെടുത്തിയ തൊഴിൽ മേഖലകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത മേഖലകളിൽ മിനിമം വേതനം പ്രഖ്യാപിച്ച് നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

**മറുപടി**

ശ്രീ.ഷിബു ബേബി ജോൺ
തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി

(എ) & (ബി) ഓരോ 5 വർഷം പൂർത്തിയാകുമ്പോഴാണ് തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കുന്നത്. മിനിമം വേതനം പ്രഖ്യാപിച്ച് അഞ്ചുവർഷം പൂർത്തിയായതും 2010 ഡിസംബർ 31 വരെയുള്ള കാലയളവിൽ നിലവിൽ വന്നതുമായ 33 തൊഴിൽ മേഖലകൾ സംബന്ധിച്ച വിശദവിവരം അനുബന്ധം (I)-ൽ ചേർക്കുന്നു.

(സി) & (ഡി) മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ പുതുതായി 5 മേഖലകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അവ ഫുട്വെയർ മാനുഫാക്ചറിംഗ്, മിഡ്ഡേ മീൽ പ്രോഗ്രാം ഇൻ സ്കൂൾസ്, ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി, എംപ്ലോയ്മെന്റ് ഇൻ പേപ്പർ ഇൻഡസ്ട്രി, എംപ്ലോയ്മെന്റ് ഇൻ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവയാണ്. ഇതു സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം (II)-ൽ ചേർത്തിരിക്കുന്നു.

(ഒപ്പ്)
സെക്ഷൻ ഓഫീസർ

## അനുബന്ധം - I

| ക്രമ നമ്പർ | മേഖലകൾ | അവസാനമായി പുതുക്കി നിശ്ചയിച്ചത് | റിമാർക്ക്സ് |
|---|---|---|---|
| 1. | ലൈറ്റ് മോട്ടോർ വെഹിക്കിൾസ് | 21/05/2008 | പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 2. | ടിംബർ ആന്റ് പ്ലൈവുഡ് ഇൻഡസ്ട്രി | 02/06/2008 | അന്തിമ വിജ്ഞാപനം തയ്യാറാക്കുന്നതിനുള്ള നടപടികൾ മിനിമം വേതന ഉപദേശക സമിതിയിൽ നടന്നുവരുന്നു. |
| 3. | ആയുർവേദിക് ആന്റ് അലോപ്പതിക് മെഡിസിൻ | 07/07/2008 | പുതുക്കി നിശ്ചയിക്കുന്നതിലേയ്ക്കുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 4. | ഹിൽപ്രൊഡ്യൂസ് ഇൻഡസ്ട്രി | 23.09.2008 | പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 5. | ഓയിൽമിൽ | 20/10/2008 | മിനിമം വേതനഉപദേശക സമിതിയെ ചുമതലപ്പെടുത്തി. |
| 6. | സെയിൽസ്പ്രമോഷൻ ഫാർമസ്യൂട്ടിക്കൽസ് | 27/05/2009 | പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 7. | എൽ.പി.ഗ്യാസ് | 27/05/2009 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 8. | ഹാന്റ്ലിംഗ് ആന്റ് കെയർ ഓഫ് എലിഫെന്റ്സ് | 09/06/2009 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 9. | ഷോപ്സ്, ഹോട്ടൽ ആന്റ് റസ്റ്റോറന്റ് | 23/07/2009 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 10. | അഗ്രിക്കൾച്ചറൽ ഓപ്പറേഷൻസ് | 10/08/2009 | പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 11. | റബ്ബർ ക്രേപ്പ് മിൽസ് | 09/10/2009 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 12. | ഗോൾഡ് ആന്റ് സിൽവർ മേക്കിംഗ് | 07/10/2009 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 13. | ഹാന്റ്ലൂം & ഡെയ്‌ലി പീസ്റേറ്റ് എംപ്ലോയീസ് | 11/12/2009 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 14. | ഹോസ്റ്റൽസ് | 15/12/2009 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 15. | മൈനർ എഞ്ചിനീയറിംഗ് | 16/12/2009 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 16. | ബ്ലോക്ക് റബർ ഫാക്ടറീസ് | 28/12/2009 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 17. | ഖാദി ഇൻഡസ്ട്രീസ് | 08/01/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 18. | ഡൊമസ്റ്റിക് വർക്സ് (ഗാർഹിക മേഖല) | 09/03/2010 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 19. | ഫിഷ് പീലിംഗ്, ഫിഷ് കാനിംഗ്, ഫിഷ് ഫ്രീസിംഗ് ആന്റ് എക്സ്പോർട്ടിംഗ് ഓഫ് സീ ഫുഡ്സ് | 15/03/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 20. | ബീഡി & സിഗാർ ഇൻഡസ്ട്രി | 06/11/2010 | പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 21. | സിനിമാ തീയേറ്ററുകൾ | 15/11/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 22. | ഡ്രൈയിംഗ് ഓഫ് കോക്കനട്ട് മേക്കിംഗ് ഫോർ കൊപ്ര | 26/07/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 23. | ഗാർമെന്റ് മേക്കിംഗ് ഇൻഡസ്ട്രി | 06/11/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 24. | ഹാന്റ്ലൂം കം മന്ത്‌ലി പെയ്ഡ് എംപ്ലോയീസ് | 13/09/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 25. | ഐസ് ഫാക്ടറീസ് | 18/12/2010 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 26. | ഫാർമസിസ്റ്റ് ഇൻ മെഡിക്കൽ ഷോപ്പ് | 06/11/2010 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 27. | പ്രിന്റിംഗ് പ്രസ്സ് | 10/08/2010 | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 28. | റൈസ് മിൽ, ഫ്ളവർമിൽ, ദാൽമിൽ | 24/02/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 29. | റബർ പ്രോഡക്ട് ഇൻഡസ്ട്രീസ് | 08/11/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 30 | സ്റ്റോൺ ബ്രേക്കിംഗ്, ക്രഷിംഗ് & കൺസ്ട്രക്ഷൻ ഓഫ് റോഡ്സ് & ബിൽഡിംഗ് ഓപ്പറേഷൻസ് | 04/08/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 31. | സ്വീപ്പിംഗ് & ക്ലീനിംഗ് | 19/04/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 32. | ടോഡി ടാപ്പിംഗ് | 30/03/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |
| 33. | കുട നിർമ്മാണം | 30/01/2010 | മിനിമം വേതന ഉപദേശക സമിതിയിൽ നടപടികൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം - II

| | മേഖലകൾ | റിമാർക്സ് |
|---|---|---|
| 1 | എംപ്ലോയ്മെന്റ് ഇൻ ഫുട്‌വെയർ മാനുഫാക്ചറിംഗ് | മിനിമം വേതനം പുതുതായി നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതി ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| 2. | മിഡ്ഡേ മീൽ സ്കീം | പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. |
| 3. | എംപ്ലോയ്മെന്റ് ഇൻ ഫോട്ടോഗ്രാഫി ആന്റ് വീഡിയോഗ്രാഫി | മിനിമം വേതനം പുതുതായി നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതി ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| 4. | എംപ്ലോയ്മെന്റ് ഇൻ പേപ്പർ പ്രൊഡക്ഷൻ ഇൻഡസ്ട്രി | മിനിമം വേതനം പുതുതായി നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതി ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |
| 5. | എംപ്ലോയ്മെന്റ് ഇൻ ഫിനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷൻസ് | മിനിമം വേതനം പുതുതായി നിശ്ചയിക്കുന്നതിനായി മിനിമം വേതന ഉപദേശക സമിതി ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2728 — 14.12. 2015-ൽ മറുപടിക്ക്.

### ഓയിൽ മിൽ തൊഴിലാളികളുടെ കൂലി പരിഷ്കരണം

| ചോദ്യം<br>ശ്രീമതി.കെ.കെ.ലതിക | മറുപടി<br>ശ്രീ.ഷിബു ബേബി ജോൺ<br>തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി |
|---|---|
| (എ) സംസ്ഥാനത്ത് ഓയിൽ മിൽ തൊഴിലാളികളുടെ കൂലി നിരക്ക് പരിഷ്കരിച്ചത് ഏത് വർഷത്തിലാണ് എന്ന് വ്യക്തമാക്കുമോ; | (എ) 20/10/2008-ലെ സ.ഉ.(സാധാ) നമ്പർ 2697/2008/ തൊഴിൽ പ്രകാരമാണ് ഓയിൽമിൽ തൊഴിലാളികളുടെ കൂലി അവസാനമായി പുതുക്കി നിശ്ചയിച്ചത്. |
| (ബി) പ്രസ്തുത പരിഷ്കരണപ്രകാരം അവരുടെ കൂലി നിരക്ക് എത്രയാണ് എന്ന് വ്യക്തമാക്കുമോ; | (ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പ്രസ്തുത കൂലി നിരക്ക് ഇപ്പോഴത്തെ ജീവിതസാഹചര്യത്തിൽ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;<br>(ഡി) ഇല്ലെങ്കിൽ നിലവിലെ കൂലി നിരക്ക് പരിഷ്കരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (സി) & (ഡി) ഓയിൽമിൽ മേഖലയിലെ നിലവിലെ കൂലി നാഷണൽ ഫ്ളോർ ലെവൽ മിനിമം വേതനത്തിന് (160 രൂപ) മുകളിലാണ് എന്നതു കൂടാതെ ടി മേഖലയിലെ മിനിമം വേതന നിരക്ക് പുതുക്കുന്നതിനായി സർക്കാരിന്റെ 08.10.2014-ലെ സ.ഉ. (എംഎസ്) നമ്പർ 119/2014/തൊഴിൽ പ്രകാരം ശ്രീ.പി.കെ.ഗോപാലൻ, ശ്രീ.വിനോദ് കുമാർ.കെ. എന്നിവർ സ്വതന്ത്രാംഗങ്ങളായും, തൊഴിലാളി- തൊഴിലുടമാ ഗണത്തിൽപ്പെട്ട മറ്റ് 8 പേർ അംഗങ്ങളായും ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത സബ്കമ്മിറ്റി സമർപ്പിച്ച പ്രൊപ്പോസൽ ഇപ്പോൾ സർക്കാർ പരിശോധിച്ചുവരികയുമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

## 1) ദിവസവേതനക്കാരുടെ കൂലി

| ക്രമ നമ്പർ | തൊഴിലാളി വിഭാഗം | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ |
|---|---|---|---|---|
| 1. | അൺസ്കിൽഡ് | 123 രൂപ | 153.34 | 276.34 |
| 2. | സെമിസ്കിൽഡ് | 125.65 രൂപ | 153.34 | 278.99 |
| | ചക്ക് ഇടമൂപ്പൻ | 126.80 രൂപ | 153.34 | 280.14 |
| 3. | സ്കിൽഡ് | 127.85 രൂപ | 153.34 | 281.19 |

## 2) പീസ്റേറ്റ് വർക്കേഴ്സ്/എംപ്ലോയീസ്

| ക്രമ നമ്പർ | തൊഴിലാളി വിഭാഗം | അടിസ്ഥാന വേതനം (ഒരു യൂണിറ്റിന്) | ക്ഷാമബത്ത |
|---|---|---|---|
| 1. | ടിൻകർ-ഒരു ഓയിൽ ടിൻ ടിൻകർ ചെയ്യുന്നതിന് (തൊഴിൽ ദാതാവ് ടിൻകറിന് വേണ്ട സാധന സാമഗ്രികൾ നൽകിയാൽ) | 4.20 രൂപ | 153.34 |
| 2. | കൂപ്പർ-പമ്പിംഗ് ചാർജ്ജുകൾ (ബാരൽ/ഡ്രം/ടിൻ നിറക്കുന്നതിന്) ഒരു ക്വിന്റൽ ഓയിലിന് | 1.05 രൂപ | 153.34 |
| 3. | ഓയിൽ ടിൻ/ഓയിൽ ബാരൽ/ഓയിൽ ഡ്രം ലോഡ് ചെയ്യുന്നതിന് | | |
| | എ) ടിന്നൊന്നിന് | 2.55 രൂപ | 153.34 |
| | ബി) ബാരൽ ഡ്രം ഒന്നിന് | 5.10 രൂപ | 153.34 |

## 3) മാസശമ്പളക്കാർ (ഓഫീസ് ജീവനക്കാർ)

| ക്രമ നമ്പർ | തൊഴിലാളി വിഭാഗം | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ ശമ്പളം |
|---|---|---|---|---|
| 1. | കാറ്റഗറി I | 3270 | 3986.84 | 7256.84 |
| 2. | കാറ്റഗറി II | 3160 | 3986.84 | 7146.84 |
| 3. | കാറ്റഗറി III | 2900 | 3986.84 | 6886.84 |
| 4. | കാറ്റഗറി IV | 1530 | 3986.84 | 5516.84 |